# Academic Master Plan

# 2025-2026

## THACHINGANADAM HIGHER SECONDARY SCHOOL

Sub Dist: Melattur

Edn Dist: Wandoor

Revenue Dist:Malappuram

Gmail:thachinganadamhs@gmail.com

Phone:

# Index


| | | |
|---|---|---|
| | ആമുഖം | |
| | അക്കാദമിക മികവുകൾ | |
| | ഹ്രസ്വകാല പദ്ധതി | |
| | ഇടക്കാല പദ്ധതി | |
| | ദീർഘകാല പദ്ധതി | |
| | ഭൗതിക സാഹചര്യങ്ങൾ | |
| | വാർഷിക ആസൂത്രണം -വിഷയാധിഷ്ഠിതം | |

## ആമുഖം

മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ താലൂക്കിൽ കീഴാറ്റൂർ പഞ്ചായത്തിലെ 18-ാം വാർഡിൽ തച്ചിങ്ങനാടത്താണ് തച്ചിങ്ങനാടം ഹയർ സെക്കണ്ടറിസ്കൂൾ പ്രവർത്തിക്കുന്നത്. നെന്മിനി വില്ലേജ്, കീഴാറ്റൂർ വില്ലേജിലെ കീഴാറ്റൂർ, പൂന്താനം പ്രദേശങ്ങൾ ഇതിന്റെ പശ്ചാത്തലമായി വർത്തിക്കുന്നു. ഒറവംപുറം ജി. യു. പി സ്കൂൾ, കൃഷ്ണാ യു.പി സ്കൂൾ, പൂന്താനം സ്മാരക യു.പി സ്കൂൾ, വിദ്യാ ജ്യോതി യു.പി സ്കൂൾ എന്നിവ ഈ വിദ്യാലയത്തിന്റെ ഫീഡിങ്ങ് സ്കൂളു കളാണ്. സുപ്രസിദ്ധ ഭക്തകവി പൂന്താനത്തിന്റെ ഇല്ലം ഈ സ്കൂളിന്റെ പഞ്ചായത്തിൽ തന്നെയാ ണ് സ്ഥിതി ചെയ്യുന്നത്.

തച്ചിങ്ങനാടം പ്രദേശത്തിന്റെ വികസനം ലക്ഷമിട്ട് 1969-1970 കാലഘട്ടത്തിൽ പ്രാദേശികമായി ഒരു വികസനസമിതി രൂപം കൊണ്ടു. അതിൽ സമിതി മുന്നോട്ടുവെച്ച ബഹുമുഖ വികസന പദ്ധതികളിൽ പ്രധാനം തച്ചിങ്ങനാടത്ത് ഒരു ഹൈസ്കൂൾ എന്നതായിരുന്നു. അതിനായി സ്ഥലം വാഗ്ദാനം

ചെയ്തത് പ്രദേശത്തെ പ്രമുഖ വ്യക്തികളിലൊരാളായ ഓട്ടുപാറ അഹമ്മദ് ഹാജിയായിരുന്നു.

സമീപ സ്കൂളായ കൃഷ്ണ യു. പി. സകൂളിൽ പദ്ധതിയുടെ ഭാഗമായി സെമിനാറുകൾ നടന്നു. തുടർന്ന് ഇന്ന് സ്കൂൾ നില നിൽക്കുന്ന സ്ഥലത്തേക്ക് അന്നത്തെ കലക്ടറായിരുന്ന ഭാസ്കരൻ നായരുടെ നേദൃത്വത്തിൽ ഒരു ജാഥ നടന്നു. ആ കാലത്ത് സർക്കാർ പുതിയ സ്കൂളുകൾക്ക് അനുമതി നൽകുന്നു എന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ തച്ചിങ്ങനാടം ഹൈസ്കുൾ എന്ന സ്വപ്നപദ്ധതിക്കായി നിവേദനംസമർപ്പിക്കുകയുണ്ടായി.

പ്രാദേശികാംഗങ്ങളുടെ മേൽനോട്ടത്തിലായാൽ സ്കൂളിന്റെ പ്രവർത്തനം ഗുണപ്രദമാവുമെന്ന അഭിപ്രായമാണ് എട്ടംഗ സമിതിയടങ്ങുന്ന ഒരു സ്വകാര്യ മാനേജ്മെന്റ് സ്കൂളായി അതു മാറിയതിനാസ്പദം.

1976 ൽ സ്കൂളിന് അനുമതി ലഭിച്ചതിനെ തുടർന്ന് പണികഴിപ്പിച്ച കെട്ടിടത്തിൽ 1976 ജൂൺ 2 ന് അന്നത്തെ ജില്ലാ കളക്ടറായിരുന്ന ശ്രീ ആർ. സി. ചൗദരിയുടെ ഉദ്ഘാടനത്തോടു കൂടി പ്രവർത്തനമാരംഭിച്ചു.

1978 - 79 ൽ ആദ്യത്തെ എസ്എസ്എൽസി ബാച്ച് മലപ്പുറം വിദ്യാഭ്യാസ ജില്ലയിൽ ഒന്നാം സ്ഥാനംകരസ്ഥമാക്കി.

പ്രഥമാധ്യാപകൻ ആയ കെ വി എ സ് വാര്യരുടെ നേതൃത്വത്തിൽ പഠന പാഠ്യേതര പ്രവർത്തനങ്ങൾ ആസൂത്രിതവും ഫലപ്രദവുമായി നടന്നിരുന്നു. വിദൂരസ്ഥലങ്ങളിൽ നിന്നുപോലും കുട്ടികൾ വിദ്യാലയത്തിലേക്ക് വരാൻ തുടങ്ങി.
2006 അഡ്വ: ഉസ്മാൻ കുരിക്കൾ ഒ. വി. പ്രസ്തുത കമ്മിറ്റിയിൽ നിന്നും തച്ചിങ്ങനാടം ഹൈസ്കൂൾ ജൻമം തീര് രജിസ്റ്റർ ചെയ്തു വാങ്ങുകയും തുടർന്ന് അഞ്ഞൂറിൽപരം വിദ്യാർത്ഥികളിൽ നിന്നും ആയിരത്തി അറനൂറിൽ പരം വിദ്യാർത്ഥികളിലേക്ക് സ്കൂളിലെ കുട്ടികളുടെ എണ്ണം കുതിച്ചുയർന്നു .അതിനുശേഷം

2014 തച്ചിങ്ങനാടം ഹൈസ്കൂൾ അഡ്വ:ഉസ്മാൻ കുരിക്കൾ ഒ. വി. ഹയർസെക്കൻഡറി സ്ഥാപനമായി ഉയർത്തുകയും ചെയ്തു.

ഈ വർഷം അൻപതാം വാർഷികത്തിൽ
എത്തിനിൽക്കുന്ന തച്ചിങ്ങനാടം ഹയർസെക്കൻഡറി
സ്കൂൾ മലപ്പുറം ജില്ലയിലെ ഒരു മുൻനിര വിദ്യാഭ്യാസ
സ്ഥാപനം ആയി മാറിയിരിക്കുകയാണ് .

കൂടാതെ മലപ്പുറം ജില്ലയിലെ മികച്ച ഒരു സ്കൂൾ ഗ്രൗണ്ട്, ഹൈടെക് ക്ലാസ് റൂമുകളും, ഹൈടെക് ലാബുകളും, സിസിടിവിയും, ചുറ്റുമതിലും അടക്കമുള്ള സുരക്ഷ സംവിധാനങ്ങളും അടക്കം കർശന അച്ചടക്കത്തോടുംഐക്യത്തോടും കൂടെ മാനേജ്മെൻറും സ്റ്റാഫും വിദ്യാർത്ഥികളും രക്ഷിതാക്കളും ഒത്തൊരുമിച്ച് സ്കൂളിന്റെ ഉന്നതിക്ക് വേണ്ടി ഇനിയും മുന്നോട്ട് പോകുന്നു.

## അക്കാദമിക മികവുകൾ

2024 25 വർഷത്തെ എസ്എസ്എൽസി 99.6 ശതമാനം വിജയം നേടുകയുണ്ടായി.

27 കുട്ടികൾ എല്ലാ വിഷയത്തിലും എ പ്ലസ് നേടി.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി കഴിഞ്ഞവർഷം എട്ടാം ക്ലാസിലെ വാർഷിക പരീക്ഷയിൽ മിനിമം മാർക്ക് നേടാത്ത വിദ്യാർത്ഥികൾക്ക് അധിക പിന്തുണ ക്ലാസുകൾ ഏപ്രിൽ നടത്തുകയും പിന്നീട് വന്ന പരീക്ഷയിൽ എല്ലാ വിദ്യാർത്ഥികൾക്കും ഒമ്പതാം ക്ലാസിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുകയും ചെയ്തു.

8,9 ക്ലാസുകൈവരിക്കാൻ കഴിയാത്ത കളിൽ അടിസ്ഥാന കാര്യങ്ങൾ കൈവരിക്കാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് അധികസമയം കണ്ടെത്തി ക്ലാസുകൾ നൽകിയിരുന്നു.എസ്എസ്എൽസി വിദ്യാർത്ഥികൾക്ക് വിജയഭേരി പ്രഭാത ക്ലാസുകൾ ശനി, ഞായർ ക്ലാസുകൾ നടത്തി മോഡൽ പരീക്ഷയ്ക്ക് ശേഷം ബുദ്ധിമുട്ട് അനുഭവിക്കുന്ന വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ച് അത്തരം കുട്ടികൾക്ക് രാത്രികാല ക്ലാസ്സുകളും നൽകി.

## ഹ്രസ്വകാല പദ്ധതി

പ്രയാസമനുഭവപ്പെടുന്ന വിഷയങ്ങൾക്ക് കൂടുതൽ സമയം കണ്ടെത്താൻ വിജയഭേരിപ്രഭാത ക്ലാസ്സുകൾനടത്തുന്നു വിലെ 9.15 മുതൽ ക്ലാസുകൾ ജൂൺ മാസത്തിൽ തന്നെ ആരംഭിക്കും . ജനുവരി മുതൽ ഈ ക്ലാസ്സുകൾ 8.30 ന് ആരംഭിക്കും.

എട്ടാം ക്ലാസിൽ പുതുതായി വരുന്ന വിദ്യാർഥികൾക്ക് ഭാഷാ വിഷയങ്ങളിലും ഗണിതത്തിലും അടിസ്ഥാന അറിവുകൾ നേടിയിട്ടുണ്ടോ എന്ന് ആദ്യമേ പരിശോധിക്കുന്നു. അത് നേടാത്ത വിദ്യാർത്ഥികൾക്ക് ആവശ്യമായ പിന്തുണ അധിക സമയം കണ്ടെത്തി നൽകുന്നു.

കഴിഞ്ഞവർഷം പഠന പിന്തുണ നൽകി സ്ഥാനക്കയറ്റം കിട്ടിയ നിലവിലെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥികൾക്കു എല്ലാ വിഷയങ്ങളിലും അടിസ്ഥാന അറിവുകൾ നേടിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നു. അത് നേടാത്ത വിദ്യാർത്ഥികൾക്ക് അധിക സമയം കണ്ടെത്തി മറ്റു കുട്ടികളെ കൂടി ഉൾപ്പെടുത്തി പഠന പിന്തുണ നൽകുന്നു

## <u>ഇടക്കാല പദ്ധതി</u>

പരീക്ഷകൾ എഴുതി ശീലിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കുട്ടികൾക്ക് പാദവാർഷിക പരീക്ഷയുടെയും അർധ വാർഷിക പരീക്ഷയുടെയും മുമ്പ് 1st മിഡ് ടേം, 2nd മിഡ് ടേം പരീക്ഷകളും നടത്തും .അതിനായി അധ്യാപകരും കുട്ടികളും ഒരേ മനസ്സോടെ അധിക സമയവും ദിവസങ്ങളും കണ്ടെത്തും .

സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
NMMS പോലുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് കൂടുതൽകുട്ടികളെപങ്കെടുപ്പിക്കാൻ കുട്ടികളുടെ നിലവാരത്തിനനുസരിച്ച്, ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നത് പ്രവർത്തനങ്ങളിലൂടെ പഠിക്കാനുതകുന്ന രീതിയിൽ ആസൂത്രണം നടത്തുന്നു.

S.P.C, സ്കൗട്ട്, ഗൈഡ്, ജെ.ആർ. സി, തുടങ്ങിയ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളിലൂടെ പഠനത്തോടൊപ്പം സേവന മനോഭാവം വർദ്ധിപ്പിക്കാൻ കഴിയുന്നു.

## ദീർഘകാല പദ്ധതി

- ഭാഷാശേഷി വികസനം
- ഗണിത ശേഷി വികസനം
- ഇംഗ്ലീഷ് പഠനം അനായാസകരമാക്കൽ
- വായനാ ശേഷി വർദ്ധിപ്പിക്കൽ
- ശാസ്ത്രപോഷണ പരിപാടി
- ലാബോറട്ടറി നവീകരണം - ശാസ്ത്രം, ഗണിതം & SS
- ലൈബ്രറി ശാക്തീകരണം
- ജൈവ വൈവിധ്യപാർക്ക് - ഒരുക്കൽ
- പഠനയാത്രകൾ
- സ്കൂൾ പത്രം, മാസിക
- അധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം
- പ്രവൃത്തി പരിചയ പരിശീലനം
- കലാപരിപോഷണം
- പച്ചക്കറിത്തോട്ടം
- സാഹിത്യ ശില്പശാലകൾ
- സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ
- ഭാഷാ ലാബ്

## <u>ഭൗതിക സാഹചര്യങ്ങൾ</u>

തച്ചിങ്ങനാടം ദേശത്ത് തിരക്കുകളിൽ നിന്ന് ഒഴിഞ്ഞ് വിശാലമായ സ്ഥലത്താണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്.സബ്ജില്ലയിലെ തന്നെ ഏറ്റവും മികച്ച സ്കൂൾ ഗ്രൗണ്ട് ഇവിടെയുണ്ട് .ചുറ്റുമതിലോട് കൂടിയ ക്യാമ്പസിൽ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് വേണ്ടി സ്കൂൾ മുഴുവനായും സിസിടിവി നിരീക്ഷണം സജ്ജീകരിച്ചിട്ടുണ്ട്. 9 ,10 ക്ലാസുകളിൽ ഡിജിറ്റൽ പഠനത്തിന് സഹായകമാകുന്ന ഹൈ ടെക് ക്ലാസ് മുറികൾ,ഹൈ ടെക് കമ്പ്യൂട്ടർ ലാബ് എന്നിവ ക്രമീകരിച്ചിട്ടുണ്ട്.വലിയ പുസ്തക ശേഖരമുള്ള ലൈബ്രറി ഉണ്ട്. സ്കൂളിൻറെ ചുറ്റുപാടുകളിലേക്ക് സ്കൂൾ ബസ് സൗകര്യം ഉണ്ട് .